**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

5486/എഫ്/2015/കെ.എസ്.എച്ച്.ഒ ...11..2015

പ്രേക്ഷിത

എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)
കുടുംബശ്രീ.

സ്വീകർത്താവ്

എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം: കുടുംബശ്രീ – വഴിയോര കച്ചവട നിയമം 2014 – സംസ്ഥാനതലത്തിൽ നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച്.

സൂചന: 15.9.2015 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.2818/2015/തസ്വഭവ

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വഴിയോര കച്ചവടക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ജീവനോപാധി സംരക്ഷിക്കുന്നതിനുമായി The Street Vendors (Protection of Livelihood and Regulations of Street Vending) Act, 2014, നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാന തലത്തിൽ ആയതിന്റെ നടത്തിപ്പിലേയ്ക്കായി വിവിധ സമിതികൾ. രൂപീകരിച്ചും, അവയുട ചുമതലകൾ നിർണ്ണയിച്ചും സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർ അധ്യക്ഷനായ സമിതി അടിയന്തിരമായി ജില്ലാ തലത്തിൽ രൂപീകരിച്ച് ഉത്തരവ് നടപടികൾ പുറപ്പെടുവിക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത സമിതി വിളിച്ച് ചേർത്ത് താങ്കളുടെ ജില്ലയിലെ വിവിധ നഗരസഭകളിൽ ടി നിയമം നടപ്പിലാക്കുന്നതിനാവശ്യമായ പിന്തുണാ സംവിധാനവും, ഏകോപനവും ഒരുക്കി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**ഉള്ളടക്കം: സുചന ഉത്തരവിന്റെ പകർപ്പ്**

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

STATE POVERTY ERADICATION MISSION
05 OCT 2015

8280

**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് –വഴിയോരകച്ചവട നിയമം 2014– സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നതിനായി വിവിധ സമിതികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2818/2015/തസ്വഭവ തീയതി, തിരുവനന്തപുരം 15.09.2015

================================================================

പരാമർശം :- 1. വഴിയോരകച്ചവടക്കാരെ സംബന്ധിച്ച 2009-ലെ ദേശീയ നയം.
2. 07.11.2009-ലെ സ.ഉ (സാധാ) നം. 2918/2009/തസ്വഭവ നമ്പർ ഉത്തരവ്.
3. 30.04.2011-ലെ സ.ഉ (എം.എസ്) 90/11/തസ്വഭവ നമ്പർ ഉത്തരവ്.
4. 2014-ലെ തെരുവു കച്ചവട നിയമം.
5. 05.08.2015-ന് ബഹുമാനപ്പെട്ട നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

വഴിയോരകച്ചവടക്കാരുടെ ക്ഷേമവും ജീവനേപാധിയും സംരക്ഷിക്കുന്നതിനായി 2009–ൽ ദേശീയ നയം രൂപീകരിച്ചതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ആയത് നടപ്പിലാക്കുന്നതിനായി പരാമർശം (2)–ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും പരാമർശം 3–ലെ ഉത്തരവു പ്രകാരം വഴിയോര കച്ചവടക്കാർക്കായി സംസ്ഥാന നയം രൂപീകരിക്കുകയും ചെയ്തു. തുടർന്ന് പരാമർശം 4 പ്രകാരം ദേശീയ തലത്തിൽ വഴിയോരകച്ചവടക്കാർക്കായി നിയമം പ്രബല്യത്തിൽ വരുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വഴിയോരകച്ചവടക്കാർക്കായുള്ള സംസ്ഥാന നയവും ദേശീയ നിയമവും നടപ്പിലാക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 05.08.2015–ന് ബഹുമാനപ്പെട്ട നഗരകാര്യ ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും വഴിയോരകച്ചവടക്കാർക്കായുള്ള ദേശീയ നിയമം നടപ്പിലാക്കുന്നതിനായി വിവിധ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തെരുവുകച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനും ദേശീയ നിയമം നടപ്പിലാക്കുന്നതിനും വിവിധ സമിതികൾ രൂപീകരിക്കേണ്ടത് ആവശ്യമാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സമിതികൾ രൂപീകരിച്ചും ചുമതലകൾ നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

### I സംസ്ഥാനതല ഉപദേശക വിലയിരുത്തൽ സമിതി

വഴിയോരകച്ചവട പരിപാടികൾ/പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും അവ ഫലപ്രദമായി വിലയിരുത്തുന്നതിനുമായി സംസ്ഥാന ഉപദേശക/വിലയിരുത്തൽ സമിതി രൂപീകരിക്കണമെന്ന് വഴിയോരകച്ചവടക്കാർക്കുവേണ്ടിയുള്ള കേരള സംസ്ഥാന നയത്തിൽ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഘടനയോടെ സംസ്ഥാനതല ഉപദേശക/ വിലയിരുത്തൽ സമിതി രൂപീകരിച്ചിരിക്കുന്നു.

[.. 2]

1. ബഹു.നഗരകാര്യന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി – അദ്ധ്യക്ഷൻ

അംഗങ്ങൾ

2. സെക്രട്ടറി, തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ്
3. ഡയറക്ടർ – നഗരകാര്യ വകുപ്പ്
4. ചീഫ് ടൗൺ പ്ലാനർ
5. മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരുടെ ഒരു പ്രതിനിധി
6. മുനിസിപ്പൽ ചെയർമാൻമാരുടെ ഒരു പ്രതിനിധി
7. വഴിയോരകച്ചവട യൂണിയനുകളുടെ സംഘടനകളുടെ 2 പ്രതിനിധികൾ
8. എക്സിക്യൂട്ടീവ് ഡയറക്ടർ– കുടുംബശ്രീ (കൺവീനർ, നോഡൽ ഓഫീസർ)

പ്രസ്തുത സമിതിയുടെ ചുമതലകൾ

1. കേന്ദ്ര നിയമത്തിന് അനുസൃതമായ രീതിയിൽ സംസ്ഥാന തലത്തിൽ നയങ്ങൾക്ക് രൂപം കൊടുക്കുക.
2. തെരുവു കച്ചവടക്കാരുടെ നിയമത്തിലെ നിർദ്ദേശങ്ങൾ യഥാവിധി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വിലയിരുത്തൽ നടത്തി യഥാസമയം വേണ്ട നിർദ്ദേശങ്ങൾ നൽകുക.
3. വിവിധ സർക്കാർ വകുപ്പുകളെ ഈ നയത്തിന്റെ നടത്തിപ്പു പ്രക്രിയയിൽ ഒരുമപ്പെടുത്തുകയും അതുവഴി വിവിധ വകുപ്പുകളിലെ പദ്ധതികളുടെ പ്രയോജനം വഴിയോര കച്ചവടക്കാർക്ക് ലഭ്യമാക്കുക.

II ജില്ലാതല സമിതി

കേന്ദ്ര നിയമം/ സംസ്ഥാന നയം എന്നിവ സുഗമമായി ജില്ലാതലത്തിൽ നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും ജില്ലാതല ഉപദേശക/വിലയിരുത്തൽ സമിതി രൂപീകരിച്ചിരിക്കുന്നു. സമിതിയുടെ ഘടനയും ചുമതലയും ചുവടെ ചേർക്കുന്നു.

അംഗങ്ങൾ

1. ജില്ലാകളക്ടർ – അദ്ധ്യക്ഷൻ
2. ജില്ലാ ആസ്ഥാനത്തുള്ള നഗരസഭയുടെ സെക്രട്ടറി – കൺവീനർ
   ( എറണാകുളം– കൊച്ചി, ഇടുക്കി– തൊടുപുഴ)
3. ജില്ലയിലെ നഗരസഭകളുടെ ചെയർമാൻമാർ
4. പി.ഡബ്ല്യു.ഡിയുടെ ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥൻ

[...3]

5. ജില്ലാ പോലീസ് മേധാവി
6. കെ.എസ്.ഇ.ബി/ കെ.ഡബ്ല്യു.എ എന്നിവയിലെ ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥൻ
7. ജില്ലാ ടൗൺ പ്ലാനർ
8. വഴിയോര കച്ചവടക്കാരുടെ പ്രതിനിധി – രണ്ട്പേർ

പ്രസ്തുത സമിതിയുടെ ചുമതലകൾ

1. കേന്ദ്ര നിയമവും സംസ്ഥാന നയവും നടപ്പിലാക്കുന്നതിനാവശ്യമായ ജില്ലാതല പരിപാടികൾ ആസൂത്രണം ചെയ്യുക.
2. ജില്ലാതലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ വിവിധ വകുപ്പുകളെ കൊണ്ട് ചെയ്യിക്കുക.
3. നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ജില്ലാതല സംവിധാനം ഒരുക്കിക്കൊടുക്കുക.

## III നഗരകച്ചവട സമിതി (Town Vending Committee)

കേന്ദ്രനിയമത്തിലെ 22-ാം വകുപ്പിൽ, നഗരസഭാ തലത്തിൽ ഒരു സമിതി ഉണ്ടാകണമെന്ന് പറയുന്നതിന്റെ അടിസ്ഥാനത്തിൽ നഗരകച്ചവട സമിതി താഴെപ്പറയുന്ന ഘടനയോടും ചുമതലകളോടും രൂപീകരിച്ചിരിക്കുന്നു.

അംഗങ്ങൾ

1. നഗരസഭാ സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി – ചെയർമാൻ
2. സിറ്റി പ്രോജക്ട് ഓഫീസർ – കൺവീനർ
3. കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കുന്ന 2 അംഗങ്ങൾ
4. കളക്ടറുടെ പ്രതിനിധി (തഹസിൽദാരുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ)
5. നഗരത്തിലെ ട്രാഫിക്കിന്റെയും ക്രമസമാധാനത്തിന്റെയും ചുമതല വഹിക്കുന്ന ഉന്നത ഉദ്യോഗസ്ഥർ (ഓരോന്നു വീതം)
6. ജില്ലാനഗരാസൂത്രകന്റെ പ്രതിനിധി
7. മുനിസിപ്പൽ എഞ്ചിനീയർ
8. ഹെൽത്ത് ഓഫീസർ
9. തെരുവുകച്ചവടക്കാരുടെ 5 പ്രതിനിധികൾ
10. എൻ.ജി.ഒ/സി.ബി.ഒ-യിൽ നിന്നുള്ള 2 പ്രതിനിധികൾ
11. റസിഡന്റ്സ് വെൽഫയർ അസോസിയേഷൻ/ റസിഡന്റ്സ് അസോസിയേഷൻ എന്നിവരിൽ നിന്നുള്ള 2 പ്രതിനിധികൾ
12. നഗരത്തിലെ ലീഡ് ബാങ്കിന്റെ ഒരു പ്രതിനിധി
13. കച്ചവടമേഖലയിൽ നിന്നുള്ള ഒരു പ്രതിനിധി
14. തൊഴിലാളി സംഘടനകളിൽ നിന്നുള്ള ഒരു പ്രതിനിധി

[...4]

സമിതിയുടെ നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്നു.

1. കമ്മിറ്റി കൂടുന്നതിനുള്ള സ്ഥലം നഗരസഭ ഓഫീസ് ആയിരിക്കേണ്ടതാണ്
2. ക്വാറം മൂന്നിൽ രണ്ട് ആയിരിക്കേണ്ടതാണ്.
3. തീരുമാനം ഭൂരിപക്ഷപ്രകാരം ആയിരിക്കേണ്ടതാണ്.
4. ചെയർമാന്റെ ആവശ്യപ്രകാരം , മെമ്പർ സെക്രട്ടറി യോഗം വിളിക്കേണ്ടതും ആയതിനുള്ള നോട്ടീസ് 7 ദിവസത്തിനു മുമ്പായി നൽകേണ്ടതുമാണ്.
5. കമ്മിറ്റിയുടെ അജണ്ട മെമ്പർ സെക്രട്ടറി, ചെയർമാനുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

<u>ചുമതലകൾ</u>

ദേശീയ നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്. കൂടാതെ നിയമത്തിലോ ചട്ടത്തിലോ പറയാത്ത, എന്നാൽ തെരുവു കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനാവശ്യമായ മറ്റു ചുമതലകളും കമ്മിറ്റിക്ക് നിർവ്വഹിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ നിയമത്തിലെ/ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ജയിംസ് വർഗീസ്**
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ടൗൺപ്ലാനർമാർക്കും
പി.ഡബ്ല്യൂ.ഡി-യിലെ എല്ലാ (റോഡ് വിഭാഗം) ഡിവിഷനിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
കെ.എസ്.ഇ.ബി/കെ.ഡബ്ല്യൂ.എ എന്നിവയിലെ ഡിവിഷൻതല ഉദ്യോഗസ്ഥൻമാർക്ക്
ചീഫ് ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ
ഇൻഫർമേഷൻ ഓഫീസർ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റേക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Meyad

സെക്ഷൻ ഓഫീസർ